Malappuram District Police

## 20/11/2017 വഴിക്കടവ്

അന്തഃസംസ്ഥാന പാതയായ നാടുകാണിച്ചുരത്തിലെ മുഹമ്മദ് സ്വാലിഹ് മഖാം (ജാറം) തകർത്തതില് ഉൾപ്പെട്ട ഒരാളെ പോലീസ് പിടികൂടി. സംഭവത്തിലെ പ്രധാന പ്രതി ഗൾഫിലേക്ക് കടന്നതായി കരുതുന്നു.

വഴിക്കടവ് ആനമറി മുളയങ്കായ് അനീഷ് (37) ആണ് പിടിയിലായത്. ഇയാളുടെ സുഹൃത്ത് മാമാങ്കര അത്തിമണ്ണിൽ ഹാജഹാന് (24) ആണ് ഗൾഫിലേക്ക് കടന്നത്. മതസ്പർധ വളർത്തുക, ആരാധനാലയങ്ങൾ നശിപ്പിക്കുക, എന്നീ വകുപ്പുകൾ ചേർത്താണ് കേസ് എടുത്തത്. ഇയാളെ തിങ്കളാഴ്ച നിലമ്പൂർ കോടതിയില് ഹാജരാക്കും. പ്രതികൾ മുജാഹിദ് വിഭാഗത്തിലെ വിസ്ഡം ആശയക്കാരാണെന്നാണ് മനസിലായിട്ടുള്ളത്.

സെപ്റ്റംബർ ഏഴിനും, 19-നും, 29-നും ഇവർ ജാറം തകർത്തിരുന്നു. 29-ന് ജാറം തകർത്ത് മുകളില് വാഴ, തെങ്ങ് എന്നിവയുടെ തൈകൾ നടുകയും മുളകുപൊടി വിതറുകയുംചെയ്തിരുന്നു.

ഡിവൈ.എസ്.പി. എം.പി. മോഹനചന്ദ്രന്, എടക്കര സി.ഐ. അബ്ദുൾബഷീര്, വഴിക്കടവ് എസ്.ഐ. അഭിലാഷ്, എ.എസ്.ഐ. എം. അസൈനാർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.